I ഇ.ബി. XV - കേരള നിയമസഭ/III-20

**പതിനഞ്ചാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 നവംബർ 10, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I തിരുത്തിയ ഉത്തരം

### (i) നക്ഷത്രചിഹ്നമിട്ട 109-ാം നമ്പർ ചോദ്യത്തിന്റെയും നക്ഷത്രചിഹ്നമിടാത്ത 1666, 3584 എന്നീ നമ്പർ ചോദ്യങ്ങളുടെയും തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 109-ാം നമ്പർ ചോദ്യത്തിന്റെയും മൂന്നാം സമ്മേളനത്തിലെ

നക്ഷത്രചിഹ്നമിടാത്ത 1666, 3584 എന്നീ നമ്പർ ചോദ്യങ്ങളുടെയും തിരുത്തിയ ഉത്തരങ്ങൾ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(ii) നക്ഷത്രചിഹ്നമിടാത്ത 3173, 3181, 3188, 3193, 3195, 3197, 3218, 3251 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3173, 3181, 3188, 3193, 3195, 3197, 3218, 3251 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരങ്ങൾ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### പരിസ്ഥിതി സംരക്ഷണവും ഭൂനയം രൂപീകരിക്കലും

മി. സ്പീക്കർ: സംസ്ഥാനത്ത് നവംബർ 11 മുതൽ തീവ്ര മഴ മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിലും ഐക്യരാഷ്ട്ര സഭയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി) റിപ്പോർട്ടിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടകരമായ അവസ്ഥയിലുള്ള സ്ഥലമായി കേരളത്തെ രേഖപ്പെടുത്തിയിരിക്കുന്നതിനാലും കഴിഞ്ഞ വർഷങ്ങളിൽ നിരവധി പ്രകൃതിദുരന്തങ്ങളുണ്ടായതുമൂലവും സംസ്ഥാനത്തുളവായിട്ടുള്ളതായി

പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. കെ ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആഗോളതാപനില ഉയരുന്നതിനെക്കുറിച്ചും അതിന്റെ പരിണിത ഫലങ്ങളെപ്പറ്റിയും ഗവേഷകർ നടത്തുന്ന കണ്ടെത്തലുകൾ ക്രോഡീകരിച്ചാണ് ഐക്യരാഷ്ട്രസഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഐ.പി.സി.സി. റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത്. ആഗോളതാപനില ഉയരുന്നതിന്റെ തോത് വർദ്ധിക്കുന്നതായി പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നാസ നടത്തിയ നിരീക്ഷണങ്ങളുടെ ഫലമായി കേരളത്തിലെ തീരദേശ ജില്ലകളുടെ ചില ഭാഗങ്ങൾ 2150- ഓടെ ജലനിരപ്പ് ഉയരുന്നതുവഴി നഷ്ടമാകാൻ സാധ്യതയുണ്ടെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 2011-2020 കാലഘട്ടത്തിൽ കടലിലെയും കരയിലെയും താപനിലയിലുണ്ടായിട്ടുള്ള വർദ്ധന ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതും നടപടികൾ സ്വീകരിക്കുന്നതും. ആഗോളതാപനില

ഉയരുന്നതിന്റെ മുഖ്യകാരണമായ ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാനും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനുമുള്ള പദ്ധതി കേരളം വിഭാവന ചെയ്തിട്ടുണ്ട്. സമയബന്ധിതമായി സംസ്ഥാനത്തെ കാർബൺ ന്യൂട്രലാക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനായി പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും ദുരന്താഘാത പ്രതിരോധശേഷിയുള്ള കേരള നിർമ്മിതിക്കുള്ള നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും ഉന്നതാധികാര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രകൃതി ചൂഷണം കുറയ്ക്കുന്നതിന്റെ ഭാഗമായി ലൈഫ് മിഷനിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിക്കുകയും ദുരന്താഘാതം താങ്ങാൻ ശേഷിയുള്ള നവകേരള നിർമ്മിതിക്കായി 7,791.14 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നെൽപ്പാടങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനും നദികളുടെ സ്വാഭാവിക ഒഴുക്ക് ഉറപ്പാക്കുന്നതിനും നദികളിലെയും ഡാമുകളിലെയും എക്കൽ നീക്കം ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രീൻ ഹൗസ് വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ പാരമ്പര്യേതര ഊർജ്ജോല്പാദനം പ്രോത്സാഹിപ്പിക്കുകയും വൃക്ഷങ്ങൾ ധാരാളമായി വച്ചുപിടിപ്പിക്കുകയും ഇ-

വെഹിക്കിൾ നയം നടപ്പിലാക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യസംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും കാരണങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചേഞ്ച് പരിഷ്കരിക്കുകയും കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന സാഹചര്യങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്തിവരികയുമാണ്. സംസ്ഥാനത്തെ വികസന പ്രക്രിയകൾ പ്രകൃതിവിഭവങ്ങളെ പല രീതിയിൽ ചൂഷണം ചെയ്തിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കി ഇതിൽ ഘടനാപരമായ മാറ്റം വരുത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: 2018 മുതൽ അവഗണിക്കാൻ പറ്റാത്ത വിധത്തിലുള്ള പ്രകൃതിദുരന്തങ്ങൾ കേരളത്തിൽ ആവർത്തിക്കുകയാണ്. ഇന്റർ ഗവൺമെന്റ് പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് റിപ്പോർട്ട് കേരളത്തെ സംബന്ധിച്ച് ആശങ്കപ്പെടുത്തുന്ന വിവരങ്ങളാണ് പങ്കുവയ്ക്കുന്നത്. സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ 2018-ലെ കരട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കാനും കോട്ടയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ്

ചേഞ്ച് സ്റ്റഡീസിൽ ശാസ്ത്രജ്ഞരുൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് സ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. 2018-19-ലെ പ്രളയ പശ്ചാത്തലത്തിൽ രൂപീകരിച്ച ഇന്റർഡിസിപ്ലിനറി സമിതിയുടെ റിപ്പോർട്ടിന്മേൽ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ദുരന്ത നിവാരണ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള ശാസ്ത്രജ്ഞരെ ദുരന്ത നിവാരണ അതോറിറ്റിയിൽ നിയമിക്കാനും കാലാവധി പൂർത്തിയായ തണ്ണീർത്തട അതോറിറ്റിയും പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയും പുന:സംഘടിപ്പിക്കാനും തയ്യാറാകണം. ഇക്കോളജിക്കലി സെൻസിറ്റീവായ കേരളത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നത് നിരാശാജനകമാണ്. സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് അംഗീകരിച്ച് നടപടികളെടുക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിലവിലുള്ള ഗൗരവമായ സ്ഥിതിവിശേഷത്തെ യോജിപ്പോടെ നാം നേരിടണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനും പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള ദീർഘകാല പദ്ധതികൾ ആസൂത്രണം

ചെയ്തിട്ടുണ്ട്. പാരിസ്ഥിതിക സവിശേഷതകൾ മനസ്സിലാക്കി ജീവിതം ക്രമപ്പെടുത്തുന്നതിനുള്ള സമഗ്രമായ നടപടികൾ സർക്കാരിനോടൊപ്പം ജനങ്ങളും നടത്തണം. കാർബൺ ന്യൂട്രൽ കേരളം പദ്ധതി നടപ്പാക്കുന്നതിന് നോഡൽ ഏജൻസിയെ നിയോഗിക്കാനും തിരുവനന്തപുരത്ത് അന്താരാഷ്ട്ര കാലാവസ്ഥാ വ്യതിയാന കോൺക്ലേവ് സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. യുണൈറ്റഡ് നാഷൻസ് ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ 26-ാമത് സെഷനിലെ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സൗരോർജ്ജം, കാറ്റ് ഇവയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കും. മൈക്രോ പവർ ഗ്രിഡുകൾ സ്ഥാപിക്കുന്നതിനും ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കുന്നതിനും നിർമ്മാണ മേഖലയിൽ ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നതിനും തയ്യാറാകും. തെരുവുവിളക്കുകൾ എൽ.ഇ.ഡി.-യാക്കുന്ന നടപടി ഊർജ്ജിതപ്പെടുത്തും. ഇ-മൊബിലിറ്റി നയംകൊണ്ടുവരുന്നതിനും സി.എൻ.ജി., ഹൈഡ്രജൻ പവർ, ബയോ ഫ്യുവൽ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും മോട്ടോറൈസ്ഡല്ലാത്ത വാഹനങ്ങളും കാർബൺ ന്യൂട്രൽ ടൂറിസവും

പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിലെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിന് പരിസ്ഥിതിക്കനുയോജ്യമല്ലാത്ത മരങ്ങൾ പിഴുതുമാറ്റാനും ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഗൈഡ്‌ലൈനിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പരിസ്ഥിതി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാന കാര്യത്തിൽ ജനങ്ങളെ ബോധവത്കരിക്കുന്നതിനായി പ്രത്യേക കോൺക്ലേവ് സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഐ.എം.ഡി.-യിൽനിന്നും ലഭിച്ച മുന്നറിയിപ്പിന്റെയും വിവിധ ഏജൻസികളുടെ റിപ്പോർട്ടിന്റെയും നിരീക്ഷണത്തിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കൃത്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അപകടകരമായ അവസ്ഥയുണ്ടാകും. തുടർച്ചയായ അഞ്ചാം വർഷവും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള നിരവധി പ്രശ്നങ്ങൾക്ക് ഇരകളാകുന്നത് ദുർബല

ജനവിഭാഗങ്ങളാണ്. പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് വർഷങ്ങളായി ക്യാമ്പുകളിൽ താമസിക്കുന്ന ഭവനരഹിതരെ എത്രയുംവേഗം പുനരധിവസിപ്പിക്കാൻ നടപടിയുണ്ടാകണം. കാലാവസ്ഥാ വ്യതിയാനത്തെ മാനദണ്ഡമാക്കി വികസനകാര്യങ്ങൾ രൂപപ്പെടുത്തണം. കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിൽ വിദഗ്ദ്ധരെ നിയമിക്കണം. റീ ബിൽഡ് കേരള മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാനോ ആവശ്യമായ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടുകൾ നടപ്പിലാക്കാനോ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനോ സാധിച്ചിട്ടില്ല. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം മെച്ചപ്പെടുത്തി ദുരന്തനിവാരണ സംവിധാനങ്ങൾ വേഗത്തിലാക്കാനും പാരിസ്ഥിതികാഘാതത്തെയും ഖനനത്തെയും സംബന്ധിച്ച് ഓഡിറ്റിംഗ് നടത്താനും നടപടി സ്വീകരിക്കണം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. അടിയന്തരമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

## III. ശ്രദ്ധക്ഷണിക്കൽ

### (1) കുട്ടനാട്ടിലെ ബണ്ട് തകർച്ചയ്ക്ക് ശാശ്വത പരിഹാരം

ശ്രീ. തോമസ് കെ. തോമസ്: അപ്പർ കുട്ടനാട്ടിലെയും ലോവർ കുട്ടനാട്ടിലെയും വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്കും ദുരന്തങ്ങൾക്കും പരിഹാരം കാണണം. രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുകയും പാടശേഖരങ്ങളിലെ ബണ്ടുകൾ ബലപ്പെടുത്തുകയും പാലങ്ങളുടെ ഉയരം വർദ്ധിപ്പിക്കുകയും വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിന് സ്ലൂയിസുകൾക്കും പാടശേഖരങ്ങൾക്കും ചാക്ക് നിരത്തുന്നതിനാവശ്യമായ മണൽ അനുവദിക്കുകയും വെള്ളക്കെട്ടുകാരണം തുറക്കാൻ കഴിയാത്ത സ്ലൂയിസുകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഡിസാസ്റ്റർ മാനേജുമെന്റ് ഫണ്ട് അനുവദിക്കുകയും വേണം. കുട്ടനാടിനെ വെള്ളപ്പൊക്ക ദുരിതത്തിൽനിന്ന് രക്ഷിക്കുന്നതിന് റവന്യൂ, പൊതുമരാമത്ത്, ജലസേചന വകുപ്പുകളുടെ സംയുക്ത ഇടപെടലുണ്ടാകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം കുട്ടനാട്ടിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കവും പ്രളയവും ഒട്ടനവധി കഷ്ടനഷ്ടങ്ങൾക്കിടയാക്കുകയും ജനജീവിതത്തെ ബാധിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുമായി കോ-

ഓർഡിനേറ്റ് ചെയ്തുകൊണ്ട് കുട്ടനാട് രണ്ടാം പാക്കേജ് നടപ്പാക്കുന്നതിനും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ബണ്ടുകൾ ബലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. തോട്ടപ്പള്ളി ഹാർബറിന്റെ പ്രവേശന കവാടത്തിലും ചാനലിലും അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്യുകയും ധാതുക്കൾ നീക്കം ചെയ്ത മണൽ വിവിധ സ്കൂളുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും പാടശേഖരങ്ങളിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനും സ്കൂളുകൾക്കും പാടശേഖര സമിതികൾക്കും വിതരണം ചെയ്യുന്നതിനും തോട്ടപ്പള്ളി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ തുറക്കാത്ത സ്കൂളുകൾ തുറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാഭരണകൂടത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബണ്ട് നിർമ്മാണാവശ്യത്തിന് മണൽനിറച്ച കയർച്ചാക്കുകളോ, ജിയോ ട്യൂബുകളോ ഇടുന്ന പ്രവൃത്തിക്ക് ഒരു പഞ്ചായത്തിന് 4 ലക്ഷം രൂപ വരെ ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിക്കാവുന്നതാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് കൂടുതൽ പമ്പുകൾ സ്ഥാപിച്ച് പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കുട്ടനാട്ടിലെ ജനജീവിതം സാധാരണ ഗതിയിലാക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ ഭാഗത്തുനിന്ന്

പ്രത്യേക ഇടപെടൽ നടത്തുന്നതാണ്. ഈ വിഷയത്തിൽ പ്രത്യേക യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(2) സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളും തുറക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. ബഷീർ: മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും ബഡ്സ് സ്കൂളുകളും അടഞ്ഞുകിടക്കുന്നതിനാൽ കുട്ടികളും മാതാപിതാക്കളും ശാരീരിക, മാനസിക പ്രശ്നങ്ങളും സാമൂഹിക ഒറ്റപ്പെടലും അനുഭവിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഈ സ്ഥാപനങ്ങൾ അടിയന്തരമായി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രതിരോധ ശേഷിക്കുറവും വാക്സിനേഷൻ നൽകിയിട്ടില്ലാത്തതും കണക്കിലെടുത്ത് സാമൂഹിക അകലം ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ചവരാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. കോവിഡ് സാഹചര്യം വിലയിരുത്തി മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ക്ലാസ്സുകൾ ആരംഭിക്കുന്ന ഘട്ടത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സ്കൂളുകളും ഹോസ്റ്റലുകളും തുറക്കുന്ന കാര്യം പരിഗണിക്കുന്നതും

ഇക്കാര്യത്തിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ ഉപദേശം ലഭ്യമാക്കി പരിഹാരമുണ്ടാക്കാൻ കഴിയുമോയെന്നത് പരിശോധിക്കുന്നതുമാണ്.

## IV. അറിയിപ്പ്

സഭാരേഖകളിലെ തിരുത്ത്

മി. ഡെപ്യൂട്ടി സ്പീക്കർ: 08-11-2021-ന് അടിയന്തരപ്രമേയ നോട്ടീസിന് നൽകിയ മറുപടിയിലുണ്ടായ വസ്തുതാപരമായ പിശക് തിരുത്തണമെന്ന് വനം-വന്യജീവി വകുപ്പുമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് സഭാ രേഖകളിൽ തിരുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## V. സബ്മിഷൻ

(1) മുല്ലപ്പെരിയാർ ബേബി ഡാമിലെ സംയുക്ത പരിശോധന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): മുല്ലപ്പെരിയാർ ബേബി ഡാം പരിസരത്ത് കേരള വനം വകുപ്പുദ്യോഗസ്ഥരും തമിഴ്നാട് ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തിയിരുന്നു. പുതിയ ഡാം നിർമ്മാണമെന്ന ആവശ്യം തടസ്സപ്പെടുന്ന വിധം ബേബി ഡാം ബലപ്പെടുത്തുന്നതിന് മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്യുകയും ഈ വിഷയത്തിലുണ്ടായ വീഴ്ച വിശദീകരിക്കുകയും വേണം.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മുല്ലപ്പെരിയാർ ബേബി ഡാം പരിസരത്ത് കേരള വനം വകുപ്പുദ്യോഗസ്ഥരും തമിഴ്നാട് ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തേണ്ടതാണെന്നും അതിലേയ്ക്കാവശ്യമായ ഒരുക്കങ്ങൾ കേരള ജലവിഭവ വകുപ്പ് ചെയ്യണമെന്നും മുല്ലപ്പെരിയാർ മേൽനോട്ട സമിതി യോഗത്തിൽ തീരുമാനമെടുത്തിരുന്നു. 15 മരങ്ങൾ മുറിക്കുന്നതിന് അനുമതിയാവശ്യപ്പെട്ട് തമിഴ്നാട് സർക്കാർ സമർപ്പിച്ച അപേക്ഷയും പെരിയാർ ടൈഗർ റിസർവ് ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിന്റെയും അടിസ്ഥാനത്തിൽ വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയതായി മനസ്സിലാക്കുന്നു. സംയുക്ത പരിശോധന നടത്തിയതായും മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി എത്രയുംവേഗം ലഭ്യമാക്കണമെന്നും സംസ്ഥാന ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് മേൽനോട്ട സമിതി ചെയർമാൻ അയച്ച കത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമുള്ളതിനാൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പുറപ്പെടുവിച്ച മരം മുറിക്കൽ അനുമതി ഉത്തരവ് മരവിപ്പിച്ചുകൊണ്ട് സംസ്ഥാന വനം വകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷമൊന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

(2) സാമൂഹ്യ-സാമ്പത്തിക വിവരശേഖരണ സർവ്വേ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): മുന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വിവരശേഖരണ സർവ്വേ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ പഠിച്ച് അവർക്കായുള്ള ക്ഷേമകാര്യങ്ങൾ സർക്കാരിൽ ശിപാർശ ചെയ്യുക എന്നുള്ളതാണ് സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള കമ്മീഷന്റെ ചുമതല. ടി വിഭാഗക്കാരുടെ പ്രശ്നങ്ങൾ എല്ലായിടത്തും ഒരുപോലെയായതിനാൽ പഠനാവശ്യത്തിനുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇപ്പോൾ ശിപാർശ ചെയ്തിട്ടുള്ള സാമ്പിൾ സർവ്വേ പര്യാപ്തമാകുമെന്നാണ് കമ്മീഷൻ വിലയിരുത്തിയിട്ടുള്ളത്.

(3) സിനിമ ഷൂട്ടിംഗ് തടസ്സപ്പെടുത്തൽ

ശ്രീ. എം. മുകേഷ്: ഇന്ധനവില വർദ്ധനയ്ക്കെതിരെ നടന്ന

സമരത്തെത്തുടർന്നുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സിനിമ ഷൂട്ടിംഗ് തടസ്സപ്പെടുത്തുന്നതിനുള്ള നീക്കത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഭരണഘടനാപരമായി അനുവദിക്കപ്പെട്ട പൗരസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണ് ചലച്ചിത്ര പ്രവർത്തകരുടെ തൊഴിൽ സ്ഥലത്തുചെന്ന് ആക്രമിക്കുന്നതിലൂടെ ഉണ്ടായിട്ടുള്ളത്. നിയമം കയ്യിലെടുക്കാൻ ആരേയും അനുവദിക്കില്ലെന്നുമാത്രമല്ല കലാരംഗത്തുള്ളവരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റത്തെ ശക്തമായി നേരിടുന്നതാണ്. ചലച്ചിത്ര ചിത്രീകരണം നടക്കുന്നയിടങ്ങളിൽ ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. കലയുടെ അവതരണത്തെയും നിർഭയമായി തൊഴിൽ ചെയ്ത് ജീവിക്കുന്നതിനെയും തടയുന്നതിനെ സർക്കാർ ശക്തമായി നേരിടുന്നതും പൗര സ്വതന്ത്ര്യവും ജനാധിപത്യവും നിയമപാലനവും സർക്കാർ ഉറപ്പാക്കുന്നതുമാണ്.

## (4) ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്

ശ്രീ. റോജി എം. ജോൺ: അങ്കമാലി നിയോജകമണ്ഡലത്തിലെ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിലുൾപ്പെട്ട കാഞ്ഞൂർ-തെക്കുംഭാഗം ബ്രാഞ്ച്

കനാലിന്റെ നിർമ്മാണ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ലിങ്ക് കനാലിനുവേണ്ടി സമർപ്പിച്ച ഡി.പി.ആർ.-ൽ കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ രൂപകല്പന മൈനർ കനാൽ ആയാണ് വിഭാവന ചെയ്തിരിക്കുന്നത്. കനാൽ നിർമ്മാണത്തിന് മാത്രമായി 5 മുതൽ 8 മീറ്റർ വരെ സ്ഥലം ആവശ്യമാണ്. 4.547 കിലോമീറ്റർ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി 15 മീറ്റർ വീതിയിൽ അലൈൻമെന്റ് നിജപ്പെടുത്തിയിട്ടുണ്ട്. അങ്കമാലി, കാലടി വില്ലേജുകളിൽപ്പെടുന്ന സ്ഥലം 15 മീറ്റർ വീതിയിൽ ഏറ്റെടുക്കുന്നതിന് 110 കോടി രൂപയും കനാൽ നിർമ്മാണത്തിന് 100 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. പുതുക്കിയ മൈനർ കനാലിന്റെ പ്രവൃത്തികൾക്ക് ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(5) കാപ്പാട് കടൽത്തീര സംരക്ഷണം

ശ്രീമതി കാനത്തിൽ ജമീല: കടൽഭിത്തി നിർമ്മിച്ച് കാപ്പാട് കടൽത്തീരം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കാപ്പാട് മുതൽ വലിയമാങ്ങാട് വരെയുള്ള കടൽഭിത്തിയുടെ 1.5 കിലോമീറ്റർ പുനരുദ്ധരിക്കുന്നതിനും 335 മീറ്റർ ഫിഷിംഗ് ഗ്യാപ് അടയ്ക്കുന്നതിനുമായി ഏകദേശം 12 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. ചുഴലിക്കാറ്റിൽ പ്രദേശത്ത് കൂടുതൽ നാശനഷ്ടം സംഭവിച്ചതിനാൽ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും പുതുക്കിയ ഡിസൈൻ തയ്യാറാക്കി ധാരാണാപത്രം ഒപ്പുവച്ച് സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കുന്നതാണ്. കടലാക്രമണത്തിന്റെ രൂക്ഷതയനുസരിച്ച് മുൻഗണനാക്രമത്തിൽ കാപ്പാട് കടൽത്തീരത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

(6) വടക്കാഞ്ചേരിയിലെ കോൾ പാടങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരിയിലെ കോൾ പാടങ്ങൾ മാക്രോ ലെവൽ കോൾ മാനേജ്മെന്റിൽനിന്ന് മൈക്രോ ലെവൽ കോൾ മാനേജ്മെന്റിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പാടങ്ങളുൾപ്പെടുന്ന തൃശ്ശൂർ-പൊന്നാനി കോൾ മേഖലയിലെ വെള്ളപ്പൊക്ക നിവാരണത്തിനും സുസ്ഥിര വികസനത്തിനുമായി റീബിൽഡ്

കേരള പദ്ധതി പ്രകാരം 298.382 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. അടാട്ട്, കൈപ്പറമ്പ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട കനാലുകളുടെ ആഴം കൂട്ടലും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ശേഷിച്ച പാടശേഖരങ്ങളിലെ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്ന നടപടി പൂർത്തീകരണഘട്ടത്തിലാണ്. കോൾ പടവുകളിലെ വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുകയും യന്ത്രവൽക്കരണത്തിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 2.497 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശങ്ങളിലെ ഉപയോഗത്തിനായി കൊയ്ത്തുമെതി യന്ത്രങ്ങൾ, ട്രാക്ടറുകൾ, പവർ ടില്ലറുകൾ, നടീൽ യന്ത്രങ്ങൾ എന്നിവ ലഭ്യമാണ്. കാർഷികോൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുന്നതും കോൾ പാടങ്ങളുടെ മാനേജ്മെന്റ് മാക്രോ ലെവലിൽനിന്നും മൈക്രോ ലെവലിലേയ്ക്ക് മാറ്റുന്നതും പരിശോധിക്കുന്നതാണ്.

(7) <u>നാദാപുരത്തെ കിഫ്ബി റോഡുകളുടെ നിർമ്മാണം</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: നാദാപുരത്തെ വിവിധ കിഫ്ബി റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തൊട്ടിൽപ്പാലം-കുണ്ടുതോട് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി കരാറുകാരന് ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകുകയും പ്രവൃത്തി ആരംഭിക്കാനുള്ള നിർദ്ദേശം നൽകുന്നതുമാണ്. കുളങ്ങരത്ത്-നമ്പിത്താൻകുണ്ട്-വിലങ്ങാട്-വലൂക്ക് റോഡിന് സാങ്കേതികാനുമതിയും ടെണ്ടർ അനുമതിയും കിഫ്ബി മാനദണ്ഡപ്രകാരം ലെറ്റർ ഓഫ് അക്സപ്റ്റൻസും നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. മലയോര ഹൈവേയിലെ പുല്ലുവായ്-തൊട്ടിൽപ്പാലം റോഡിന്റെ പ്രവൃത്തിക്ക് സാമ്പത്തികാനുമതിയും സ്ഥല ലഭ്യതയുള്ള പ്രദേശത്തെ റോഡ് നിർമ്മാണത്തിന് 49.22 കോടി രൂപയുടെ ഭാഗിക സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്; ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ നൽകുന്നതാണ്. കായപ്പനച്ചി-കുന്നുംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡിനും മൂന്നാംകൈ-കരിങ്ങാട് റോഡിനും 20 കോടി രൂപയുടെ വീതം തത്വത്തിലുള്ള അനുമതി നൽകുകയും സാങ്കേതികാനുമതിക്ക് കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡിന്റെ പ്രവൃത്തിക്ക് 58.299 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുമായി

ബന്ധപ്പെട്ട് വകുപ്പ് മേധാവികളുടെ യോഗം ചേരാൻ നിർദ്ദേശിക്കുന്നതാണ്.

(8) കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്റർ ഓഫീസ്

ശ്രീ. യു. എ. ലത്തീഫ്: മഞ്ചേരി മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): മഞ്ചേരിയിൽനിന്ന് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കേണ്ട ആവശ്യകത-യില്ലാത്തതിനാലും സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിനാലുമാണ് മഞ്ചേരി ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിർത്തലാക്കിയത്. ഭാവിയിൽ കൂടുതൽ ബസുകൾ ആവശ്യമായി വന്നാൽ മഞ്ചേരി ബസ് സ്റ്റാൻഡ് കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(9) കുറ്റ്യാടി താലൂക്കാശുപത്രി വികസനം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി താലൂക്കാശുപത്രിയുടെ പുതിയ ആശുപത്രി ബ്ലോക്കിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതോടൊപ്പം സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും

നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കുറ്റ്യാടി താലൂക്കാശുപത്രിയിൽ വിവിധ സ്പെഷ്യാലിറ്റി സേവനങ്ങളും 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സൗകര്യവും 12 കിടക്കകളോടുകൂടിയ ഡയാലിസിസ് സെന്ററും മറ്റ് ആധുനിക ചികിത്സാ സൗകര്യങ്ങളും കോവിഡ് ചികിത്സയും ലഭ്യമാണ്. നിലവിലുള്ള ആശുപത്രി കെട്ടിടത്തിനുസമീപം ആർ.സി.എച്ച്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നതും ഡോക്ടർമാർ, ജീവനക്കാർ എന്നിവർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. അത്യാഹിത വിഭാഗം നവീകരിക്കുകയും വെന്റിലേറ്ററുൾപ്പെടെയുള്ള കാഷ്വാലിറ്റി സംവിധാനങ്ങൾ, കേന്ദ്രീകൃത ഓക്സിജൻ സംവിധാനം എന്നിവ ലഭ്യമാക്കി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളേർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിൽനിന്നും കൈമാറിക്കിട്ടിയ 50 സെന്റ് സ്ഥലത്ത് ആശുപത്രിയുടെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ

ഒന്നാംഘട്ട നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന് നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ കൂടുതലായി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(10) ജനിതകരോഗ ബോധവൽക്കരണവും സ്ക്രീനിംഗ് ക്യാമ്പുകളും

ശ്രീ. ഷാഫി പറമ്പിൽ: സ്പൈനൽ മസ്കുലാർ അട്രോഫി പോലുള്ള ജനിതകരോഗങ്ങൾ വ്യാപകമാകുന്നത് തടയുന്നതിനായി ബോധവൽക്കരണവും ഇടപെടലും നടത്തുന്നതോടൊപ്പം കുടുംബാരോഗ്യ കേന്ദ്രങ്ങളുൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ സ്ക്രീനിംഗ് ക്യാമ്പുകളും മറ്റും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ജനിതകരോഗ പരിശോധനയും ചികിത്സാ സൗകര്യവും ലഭ്യമാക്കുന്നതോടൊപ്പം നിലവിൽ ജനിതകരോഗം ബാധിച്ച കുട്ടികൾക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾക്കും തുടർ ചികിത്സയ്ക്കുമായി പദ്ധതികളാവിഷ്കരിക്കുന്നതിന് സർക്കാർ മുൻഗണന നൽകിവരുന്നു.

ആലുവ ജില്ലാശുപത്രിയിൽ ഹീമോഫീലിയരോഗ ചികിത്സ ലഭ്യമാക്കുകയും മലപ്പുറം ജില്ലയിൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. എസ്.എം.എ. ചികിത്സയ്ക്കായി മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നതും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ മൾട്ടി ഡിസിപ്ലിനറി ടീം രൂപീകരിക്കുന്നതുമാണ്. തിരുവനന്തപുരത്തെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ജനിതക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുകയും കുട്ടികളിലും ഗർഭിണികളിലും പരിശോധനകൾ നടത്തിവരികയും കുടുംബാംഗങ്ങൾക്ക് കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാൻസർ പോലുള്ള ജനിതക രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പകർച്ചേതരവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയന്ത്രണ പരിപാടികളും ദേശീയ/സംസ്ഥാനതലങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

## VI. നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും.</u>

(i) <u>2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

(ii) <u>2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

(iii) <u>2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

(iv) <u>2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ</u>

(v) <u>2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിൽ ഈസ് ഓഫ്

ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ടുള്ള രജിസ്ട്രേഷൻ നടപടികൾ ഓൺലൈനാക്കുന്നതിനെ സ്വാഗതം ചെയ്യുന്നുവെങ്കിലും തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലിടങ്ങളിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും പ്രധാന ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. തൊഴിലാളികളുടെ അംശദായം ഉയർത്തിയതിനാനുപാതികമായി ചെറുകിട തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. ക്ഷേമനിധിയിൽനിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ക്ഷേമനിധി ബോർഡുകളുടെ ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന അവസ്ഥ ഒഴിവാക്കി പ്രസ്തുത തുക പരിമിതപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യണം. തൊഴിലാളികളുടെ അംശദായം ഉയർത്തിയപ്പോൾ സർക്കാർ നൽകുന്ന ഗ്രാന്റ് നിലവിലുള്ളതിന്റെ 75 ശതമാനമായി കുറയ്ക്കുന്ന തൊഴിലാളി വിരുദ്ധ സമീപനമാണ് 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലൂടെ സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അംശദായ വർദ്ധനയ്ക്കനുസൃതമായി ആനുകൂല്യങ്ങൾ പരിഷ്കരിക്കുകയും ക്ഷേമനിധി ബോർഡുകളുടെ ഭരണപരമായ ചെലവുകൾക്ക്

വിനിയോഗിക്കാവുന്ന തുക പരിമിതപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തുകയും വേണം. കോവിഡിനെത്തുടർന്ന് പ്രതിസന്ധിയിലായ പീടിക ഉടമകൾക്കും തൊഴിലാളികൾക്കും ബാങ്ക് വായ്പയിലും കെട്ടിട നികുതിയിലും ഇളവ് നൽകുന്നതിനും എൻ.എച്ച്. വികസനത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന കച്ചവടക്കാർക്കും തൊഴിലാളികൾക്കും സാമ്പത്തിക സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. സാമ്പത്തിക സ്ഥിതിയനുസരിച്ച് മാത്രം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കെട്ടിടങ്ങൾക്ക് വാടകയിളവ് നൽകിയാൽ മതിയെന്ന തീരുമാനം പുനഃപരിശോധിക്കണം. വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന ജി.എസ്.ടി. പരിശോധന അവസാനിപ്പിക്കുകയും പീടിക തൊഴിലാളികൾക്കുകൂടി അംഗമാകാൻ സാധിക്കുന്ന വിധത്തിൽ ക്ഷേമനിധി അംഗത്വ വ്യവസ്ഥയിൽ മാറ്റം വരുത്തുകയും വേണം.

ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി ഒ. എസ്. അംബിക: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

വർദ്ധിപ്പിക്കുന്നതിനുവേണ്ടി അംശദായത്തിൽ വരുത്തുന്ന വർദ്ധനവിനെ സ്വാഗതം ചെയ്യുന്നു. വിവാഹ ധനസഹായം, പ്രസവാനുകൂല്യം, പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര സഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നിവ തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ബോർഡിന് സാധിച്ചിട്ടുണ്ട്. ഈറ്റ, തഴ, കാട്ടുവള്ളി എന്നിവയിൽ കരവിരുത് തെളിയിക്കുന്ന തൊഴിലാളികളെ തൊഴിലാളി ശ്രേഷ്ഠ അവാർഡിന് പരിഗണിക്കണം. കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കാനും ഇടനിലക്കാരുടെ ചൂഷണമില്ലാതെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഓൺലൈൻ വിപണി സാധ്യത പ്രയോജനപ്പെടുത്തുന്നതിനും കഴിയണം. ബാംബൂ കോർപ്പറേഷൻ മുഖേന മുള വച്ചുപിടിപ്പിക്കുന്ന പദ്ധതി തെക്കൻ കേരളത്തിലും അനുയോജ്യമായ സ്ഥലത്ത് നടപ്പാക്കണം. വിവിധ ക്ഷേമനിധി ബോർഡുകളെ കേരള ലേബർ വെൽഫെയർ ഫണ്ടുമായി ലയിപ്പിക്കുന്ന നടപടിയെ സ്വാഗതം ചെയ്യുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. ഒ. ആർ. കേളു</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. തൊഴിൽ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിച്ച് തൊഴിലാളി ക്ഷേമത്തിനുള്ള പദ്ധതികൾ സർക്കാർ നടപ്പാക്കി വരികയാണ്. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കുന്നതിനും തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തുന്നതിനും നടപടി സ്വീകരിക്കണം. ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താനും വേതനത്തിലടക്കം മാറ്റം കൊണ്ടുവരാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. ജെ. മാക്സി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അംശദായവും തൊഴിലുടമാ വിഹിതവും കാലോചിതമായി വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡുകളെ സാമ്പത്തികമായി ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുവാനുള്ള തീരുമാനവും സെയിൽസ് പ്രൊമോഷൻ

തൊഴിലാളികളുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തിയതും സ്ത്രീ ജീവനക്കാർക്ക് ഇരിപ്പിടം ഉറപ്പുവരുത്താൻ ഭേദഗതി കൊണ്ടുവന്നതും സ്വാഗതാർഹമാണ്. അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തി ബാങ്ക് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അംശദായത്തിനുപുറമെ പ്രതിമാസം 20 രൂപ കൂടിനൽകേണ്ടതും സർക്കാർ ഗ്രാന്റായി 5 രൂപ അടയ്ക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിലൂടെ നിലവിലുള്ളതിനെക്കാളും കൂടുതൽ പെൻഷൻ ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ലേബർ ഡിപ്പാർട്ടുമെന്റും അംഗീകൃത ട്രേഡ് യൂണിയനുകളും ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാകാത്ത തൊഴിലാളികളെ അംഗങ്ങളാക്കി ആനുകൂല്യങ്ങൾ ഉറപ്പുവരുത്താനും ചൂഷണത്തിൽ നിന്നും അവരെ മുക്തമാക്കാനും തയ്യാറാകണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലേബർ

കമ്മീഷണറേറ്റിന്റെയും എൻഫോഴ്സ്മെന്റിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സ്ഥാപനപരിശോധന കാര്യക്ഷമമാക്കുന്നതിനും വിവിധ തൊഴിലിടങ്ങളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. അംശദായവും തൊഴിലുടമാ വിഹിതവും കാലോചിതമായി വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്താനും ട്രേഡ് യൂണിയൻ പ്രതിനിധികളുമായി അഭിപ്രായ സമന്വയം നടത്തി സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കാനുമുള്ള തീരുമാനം ശ്രദ്ധേയമാണ്. വ്യവസായ തൊഴിൽതർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ ഉൾപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. വിവിധ തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനും അപേക്ഷ ലഭിച്ച ദിവസംതന്നെ അവ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്.

ശ്രീമതി കാനത്തിൽ ജമീല ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എ. രാജ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് അംശദായം വർദ്ധിപ്പിച്ചിരിക്കുന്നത്. ഓൺലൈനിലൂടെ അംശദായം അടയ്ക്കുന്നതിനുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുകയും ഇ-ഓഫീസ് പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ശമ്പള വർദ്ധനവ് നടപ്പാക്കിയതും സമഗ്രമായ പ്ലാന്റേഷൻ നയം ആവിഷ്കരിച്ചതും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിക്കാനും മൂന്നാറിൽ ഭവനനിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കാനും ആധുനിക ചികിത്സാ സൗകര്യങ്ങളടങ്ങിയ ആശുപത്രികൾ സ്ഥാപിക്കാനും കുട്ടികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. കുമളിയിലെ ഹോളിഡേ ഹോം നവീകരിച്ച് കൂടുതൽ ആളുകൾക്ക് താമസസൗകര്യമൊരുക്കുകയും മൂന്നാറിൽ ലേബർ കോംപ്ലക്സിന്റെ പ്രവർത്തനം ആരംഭിക്കുകയും വേണം. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, റബ്ബർ ബോർഡുമായി സഹകരിച്ച് കേരള ചെറുകിട റബ്ബർ ടാപ്പിംഗ് തൊഴിലാളി ക്ഷേമനിധി ബോർഡ് ആവിഷ്കരിക്കാനും കൂടുതൽ തൊഴിലാളികളെ ടാപ്പിംഗ്

മേഖലയിൽ നിലനിർത്താനും ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുമുള്ള പദ്ധതി സ്വാഗതാർഹമാണ്.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. എസ്. സുപാൽ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം വർദ്ധിപ്പിക്കുന്ന ഭേദഗതി ബോർഡിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും അംഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് യഥാസമയം ലഭ്യമാക്കുകയും വേണം. വിലയിടിവ്, ഉല്പാദനക്കുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവയും പ്ലാന്റേഷൻ ആവശ്യത്തിനായി ഉപയോഗിക്കുന്ന ഭൂമിയുടെ അളവ് കുറഞ്ഞുവരുന്നതും തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നതും തൊഴിലാളികളെ പ്രതിസന്ധിയിലാക്കുന്നു. തോട്ടങ്ങളുടെ വൈവിദ്ധ്യവൽക്കരണം നടപ്പാക്കുകയും പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ

തൊഴിലാളികൾക്ക് ആശ്വാസം നൽകുകയും ചികിത്സ, വിദ്യാഭ്യാസം എന്നിവയ്ക്കായി കൂടുതൽ ഫണ്ടനുവദിക്കുകയും വേണം. തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ഭവനരഹിതരായ തൊഴിലാളികളെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകുകയും കുടിവെള്ളമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും വേണം.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങൾക്കനുയോജ്യമായ വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആക്ട് പ്രകാരം ലഭ്യമായിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാലാകാലങ്ങളിൽ ലേബർ കമ്മീഷണറേറ്റ് നിർണ്ണയിക്കുന്ന ഫീസ് നൽകുന്നതിന്മേൽ പുതുക്കി നൽകപ്പെടുമെന്നുള്ള വ്യവസ്ഥയിന്മേൽ ഭേദഗതി വരുത്തണം. ഓൺലൈൻ വ്യാപാര വ്യവസായ

മേഖലയുടെ ഭാഗമായി പ്രവർത്തിക്കുന്ന ജിഗ് വർക്കേഴ്സിന്റെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ബില്ലിൽ വ്യവസ്ഥയുണ്ടാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. വിൻസെന്റ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യാപാര വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളി/തൊഴിലുടമയുടെ ക്ഷേമം സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയോ പുതിയ പദ്ധതികൾ നടപ്പാക്കുകയോ ചെയ്യാതെ അപേക്ഷ ഓൺലൈൻ ആക്കുന്നതിനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. റവന്യൂ മാനുവലിൽ മാറ്റം വരുത്തി വ്യാപാര സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. അഗ്നിക്കിരയാകുന്ന വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ പങ്കാളിത്തത്തോടെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും ദുരന്തത്തിൽ നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് ജി.എസ്.ടി.-യിൽ ഇളവ് അനുവദിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിലും

ജി.എസ്.ടി. പരിശോധന കൃത്യമായി നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. യു. എ. ലത്തീഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചുമട്ടുതൊഴിലാളി നിയമം കാലോചിതമായി പരിഷ്കരിക്കുന്നതോടൊപ്പം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതൊഴിവാക്കാൻ ചട്ടങ്ങൾ രൂപീകരിക്കുകയും തൊഴിൽ സംരക്ഷിക്കപ്പെടുകയും വേണം. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. നോക്കുകൂലി അവസാനിപ്പിക്കുന്നതിന് സമഗ്രമായ നിയമം കൊണ്ടുവരണം.

ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുരളി പെരുനെല്ലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികളുടെ

ചുമട്ടുഭാരം പരിമിതപ്പെടുത്തുന്നതിനും ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടെ വിരമിക്കൽ ആനുകൂല്യങ്ങളുൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തുന്നതിനും ബിൽ വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ/നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനും തൊഴിൽ സംസ്കാരം വളർത്തിയെടുക്കാനും തൊഴിൽ മേഖലയിലെ അരാജകത്വ പ്രവണതകൾ ഇല്ലായ്മ ചെയ്യാനും അമിത കൂലി/നോക്കുകൂലി എന്നിവ തടയാനും തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സേവന സമയക്രമം, സേവന ദൈർഘ്യം, വേതന ഘടന, പരിശീലനം, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിൽ കാലോചിതമായ മാറ്റം വരുത്തണം. ഉൽപ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്ന പദ്ധതികൾ വിഭാവന ചെയ്യുന്നതിനും ലിംഗസമത്വം ഉറപ്പാക്കുന്നതിനും തൊഴിലിടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. തൊഴിലാളി ക്ഷേമനിധി ബോർഡുകളിലൂടെ നിരവധി സഹായ പദ്ധതികൾ പ്രഖ്യാപിച്ച സർക്കാർ സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിലൂടെ തൊഴിൽ മേഖലയെ

കരുത്തുറ്റതാക്കാനുള്ള നീക്കമാണ് നടത്തുന്നത്. ചുമട്ടുതൊഴിലാളി ക്ഷേമിനിധി ബോർഡിലെ അംഗങ്ങൾക്ക് ബോണസ് ഇനത്തിൽ 30 കോടി രൂപ ചെലവഴിച്ചത് ശ്ലാഘനീയമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരളത്തിലെ ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്താനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ചർച്ചകളിലൂടെ സാധിച്ചിട്ടുണ്ട്. നോക്കുകൂലി സമ്പ്രദായത്തിനെതിരെ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുന്നതാണ്. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ തൊഴിലാളികളുടെ അംശദായത്തിന് ആനുപാതികമായി സർക്കാർ വിഹിതം 11.25 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം ഒന്നാം ഗഡുവായി 5 കോടി രൂപയും കോവിഡ് ലോക്ഡൗൺമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് പ്രത്യേക ധനസഹായവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിവാഹ/വിദ്യാഭ്യാസ/മരണാനന്തര ധനസഹായവും പ്രസവാനുകൂല്യവും ഭാവിയിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വിവിധ സ്ഥാപനങ്ങളിലെ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൂടുതൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുമ്പോൾ ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഭരണച്ചെലവ് നിയന്ത്രിക്കാനും കഴിയും. ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിലാളികളെ പ്രസ്തുത ക്ഷേമ പദ്ധതിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. ഈ ബിൽ നിയമമാകുമ്പോൾ അംശദായത്തിലും ആനുകൂല്യങ്ങളിലും വർദ്ധനവ് വരുത്താനും ഭരണച്ചെലവ് കുറയ്ക്കാനും കഴിയും. കോവിഡ് 19 കാലയളവിൽ ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനായി സർക്കാർ ഗ്രാന്റ് അനുവദിക്കുകയുണ്ടായി.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തൊഴിൽ വകുപ്പിലെ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും അദ്ദേഹത്തിന്റെ കീഴിലുള്ള 11 ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസുമാണ് നിർവ്വഹിക്കുന്നത്. ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി രണ്ട് ദിവസവേതനക്കാരെ നിയമിച്ചിട്ടുള്ളതിനാൽ ഭരണച്ചെലവ് കൂടാൻ

സാധ്യതയില്ല. കോവിഡുമായി ബന്ധപ്പെട്ട് ടി തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ടി ബോർഡിന്റെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അംശദായം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1960-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ തൊഴിലാളികൾക്ക് തൊഴിലുടമ നൽകേണ്ട സേവനങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ജോലി സമയത്ത് തൊഴിലാളികൾക്ക് ഇരിക്കാനും സ്ത്രീ തൊഴിലാളികൾക്ക് രാത്രികാലങ്ങളിൽ ജോലി ചെയ്യാനും ഹോസ്റ്റലുൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാനും നിയമ ഭേദഗതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ തൊഴിലുടമ ഉറപ്പുവരുത്തുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്.

സർക്കാർ സഹായമില്ലാതെ തനതു ഫണ്ടുപയോഗിച്ച് മുഴുവൻ ചെലവുകളും വഹിക്കാൻ കഴിയുന്ന ബോർഡാണ് കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്. കോവിഡുമായി ബന്ധപ്പെട്ട് തനതു ഫണ്ടിൽനിന്നും തൊഴിലാളികൾക്ക് ഗ്രാന്റും പലിശരഹിത വായ്പയും നൽകുകയും കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലും 2021-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) <u>2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

161, 162, 163, 165, 166, 174, 179, 181, 183, 184, 187, 191, 195, 196, 197, 198, 199, 207, 209, 214, 221, 222, 223, 224, 225, 228, 231, 234 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

249, 258 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

118, 120, 121, 122, 123, 134, 135, 137, 138, 140, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

176, 181, 182, 183, 184, 186, 191, 198, 204, 220, 222, 232 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

235, 238, 239, 243, 244, 249 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

109, 114, 122, 123, 125, 127, 130, 133, 135, 137, 142, 147, 148, 149, 151, 152, 153, 162, 163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>):

2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

165, 173, 179, 185, 186, 190, 191, 199, 202, 203, 206, 212, 219, 220, 221, 222 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

226, 227, 231, 232, 239 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 110, 116, 121, 123, 124, 129, 130, 134, 135, 136, 137, 139, 140, 150, 154, 155, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി

ചെറിയാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(iv) 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

152, 155, 156, 157, 158, 159, 163, 164, 167, 170, 176, 178, 179, 186, 187, 188 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

157. In section 2 (9A) proposed to be inserted in the principal Act by Clause 2, for the word "officers" the words "an officer " shall be substituted.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

190, 196, 197, 198, 202, 213, 214, 217, 218, 223, 224, 227, 228, 231, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

235, 238, 240 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 115, 116, 117, 121, 129, 130, 131, 135, 136, 137, 139, 141, 142, 143, 145, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

152, 156, 162, 164, 166, 167, 168, 170, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

164. In section 7(1A) proposed to be inserted in the principal Act by Clause 2(2) for the word " women" the word " woman" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

188, 192, 193, 194, 195, 196, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

198, 199, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

109, 110, 115, 122, 127, 128, 129, 133, 134, 136, 137, 138, 139, 140, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## VII. റൂളിംഗ്

മി. സ്പീക്കർ: 2021 നവംബർ 9-ാം തീയതി, സഭ പരിഗണിച്ച 2021 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ മൂന്നാം വായനയിൽ ഡിവിഷൻ ആവശ്യപ്പെട്ടിട്ടും ബിൽ ശബ്ദവോട്ടോടെ പാസ്സാക്കിയതിനെതിരെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ക്രമപ്രശ്നത്തിന് നോട്ടീസ് നൽകിയിരുന്നു. ബില്ലിന്റെ പരിഗണനാവേളയിൽ ചെയർ സഭയുടെ സെൻസ് മനസ്സിലാക്കി എടുത്ത ഒരു തീരുമാനത്തിന്മേൽ പരിശോധനയോ ഡിബേറ്റോ നടത്തുന്നത് പാർലമെന്ററി നടപടിക്രമമനുസരിച്ച് ഉചിതമല്ല. ബഹുമാനപ്പെട്ട അംഗം എഴുതി നൽകിയ വിഷയത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുന്നു; ഭാവിയിൽ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ചോദ്യോത്തരവേളയുടെ അവസാനം സഭയിൽ ഉപചോദ്യങ്ങൾ ചോദിക്കുവാൻ അവസരം നൽകുന്നതുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ

സഭയിൽ ഉയർന്നുവന്നിരുന്നു. കക്ഷി നേതാക്കൾ, മുതിർന്ന അംഗങ്ങൾ, മുൻ മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, വനിതകൾ, പുതിയ അംഗങ്ങൾ, ഇതുവരെ അവസരം ലഭിക്കാത്തവർ എന്നിവർക്കും ചോദ്യവുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രത്യേക പരിഗണന നൽകിയാണ് ഉപചോദ്യങ്ങൾ അനുവദിക്കുന്നത്. ഭരണ-പ്രതിപക്ഷ പാർട്ടികളുടെ അംഗബലത്തിന് ആനുപാതികമായിട്ടല്ല ഉപചോദ്യങ്ങൾ അനുവദിച്ചിരിക്കുന്നത്. ചോദ്യോത്തരവേളയുടെ സമയം പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ദീർഘിപ്പിച്ചു നൽകിയെന്ന പരാമർശവുമായി ബന്ധപ്പെട്ട് മുൻകാല റൂളിംഗിന്റെ അടിസ്ഥാനത്തിൽ ചോദ്യോത്തരവേളയുടെ സമയക്രമീകരണത്തിലോ ഉപചോദ്യങ്ങൾ അനുവദിക്കുന്നതിലോ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായ ഒരു നടപടിയും ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

(സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു)

****